


പത്തനംതിട്ട ജില്ലയിൽ ആറന്മുള വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്നതും കുളനട പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതുമായ സരസ്വതിക്ഷേത്രമാണിത്. തുമ്പമൺ സെഹിയോൻ ഇടവക അംഗങ്ങളുടെയും സമീപ നിവാസികളുടെയും ചിരകാല അഭിലാഷത്തിൽ നിന്നും ഉടലെടുത്ത ഈ സ്ഥാപനം ഈ പ്രദേശത്തിന്റെ സാംസ്കാരിക സിരാകേന്ദ്രമാണ്. ഒരു ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യകത ബോധ്യപ്പെട്ട ഇടവക ജനങ്ങൾ അന്നത്തെ വികാരി ജനറൽ ആയിരുന്ന വി.പി. മാമൻ അച്ചന്റെ നിർദ്ദേശാനുസ്സരണം പ്രവർത്തിച്ചതിന്റെ ഫലമായി 1949 മെയ്31നെ തുമ്പമൺ താഴം സെന്റ്തോമസ് മിഡിൽ സ്കൂൾ എന്ന പേരിൽ ഒരു സ്കൂളിനെ അനുവാദം ലഭിച്ചു. പ്രാരംഭഘട്ടത്തിൽ ക്ലാസ്സുകൾ നടത്തിയത് സെഹിയോൻ പള്ളിയുടെ വരാന്തയിൽ വച്ചായിരുന്നു. തുടർന്ന് ഇടവകാംഗമായ പൂവൻമല ശ്രീ.നൈനാനൈനാനും സഹോദരൻ ശ്രീ. നൈനാൻ തോമസും സൗജന്യമായി നൽകിയ ഒരേക്കർ സ്ഥലത്താണ് ഈ സ്കൂൾ എപ്പോൾ സ്ഥിതി ചെയ്യുന്നത്. പ്രഥമ അദ്ധ്യാപകനായി ശ്രീ.പി.ജെ. ചാണ്ടി സേവനം അനുഷ്ഠിച്ചു. പ്രസ്തുത സ്കൂളിനോട് അനുബന്ധിച്ചു1960ൽ ലോവർ പ്രൈമറി വിഭാഗത്തിന് അനുവാദം ലഭിച്ചു. ഇതിനുവേണ്ടി പ്രയതിച്ചത് അന്നത്തെ മാനേജർ ആയിരുന്ന ശ്രീ.കെ.എം.കോശി ആയിരുന്നു.




### വിലാസം

തുമ്പമൺ നോർത്ത്
ST THOMAS U P S THUMPAMON THAZHAM, തുമ്പമൺ നോർത്ത് പി.ഒ., 689625

| | |
|---|---|
| **സ്ഥാപിതം** | 8 - 2 - 1949 |

### വിവരങ്ങൾ

| | |
|---|---|
| **ഫോൺ** | 0468 2257708 |
| **ഇമെയിൽ** | stthomas37431@gmail.com |

### കോഡുകൾ

| | |
|---|---|
| **സ്കൂൾ കോഡ്** | 37431 (സമേതം) |
| **യുഡൈസ് കോഡ്** | 32120200618 |

### വിദ്യാഭ്യാസ ഭരണസംവിധാനം

| | |
|---|---|
| **റവന്യൂ ജില്ല** | പത്തനംതിട്ട |
| **വിദ്യാഭ്യാസ ജില്ല** | തിരുവല്ല |
| **ഉപജില്ല** | ആറന്മുള |

## കോഡുകൾ

| | |
|---|---|
| സ്കൂൾ കോഡ് | 37431 (സമേതം) |
| യുഡൈസ് കോഡ് | 32120200618 |

## വിദ്യാഭ്യാസ ഭരണസംവിധാനം

| | |
|---|---|
| റവന്യൂ ജില്ല | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | തിരുവല്ല |
| ഉപജില്ല | ആറന്മുള |

## സ്കൂൾ ഭരണ വിഭാഗം

| | |
|---|---|
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി<br>യു.പി |
| സ്കൂൾ തലം | 1 മുതൽ 7 വരെ |
| മാദ്ധ്യമം | മലയാളം |

## ഭരണസംവിധാനം

| | |
|---|---|
| ലോകസഭാമണ്ഡലം | മാവേലിക്കര |
| നിയമസഭാമണ്ഡലം | ആറന്മുള |
| താലൂക്ക് | കോഴഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | പന്തളം |
| തദ്ദേശസ്വയംഭരണസ്ഥാപനം | പഞ്ചായത്ത്കുളനട |
| വാർഡ് | 9 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

St. Thomas U.P. School,
Thumpamon, Thazhom.

# അക്കാദമിക മാസ്റ്റർ പ്ലാൻ

സെന്റ്തോമസ് എൽ.പി സ്കൂൾ തുമ്പമൺ താഴം

വിദ്യാഭ്യാസ ഉപജില്ല : ആറന്മുള

വിദ്യാഭ്യാസ ജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

## ആമുഖം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ മെഴുവേലി വില്ലേജിൽ കുളനട പഞ്ചായത്തിൽ 9-ാം വാർഡിൽ രാമൻചിറ – കുളനട റോഡിനു സമീപമാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. 1949 മെയ് 31 ന് സ്കൂൾ സ്ഥാപിതമായി 1960 ൽ എൽ.പി. വിഭാഗത്തിനും അനുവാദം ലഭിച്ചു. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഉടമസ്ഥതയിലാണ് ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്. ഇപ്പോഴത്തെ മാനേജരായി ശ്രീ. കുരുവിള മാത്യു പ്രവർത്തിച്ചു വരുന്നു.

സ്കൂളിന്റെ പ്രാരംഭ ഘട്ടത്തിൽ സ്ഥലവും കെട്ടിടവും ഇല്ലാതിരുന്നതിനാൽ സെഹിയോൻ പള്ളിയുടെ വരാന്തയിൽ വെച്ചായിരുന്നു ക്ലാസുകൾ നടത്തിയിരുന്നത്.

പൂവമ്പല ശ്രീ നൈനാമൈനായും, ശ്രീ നൈനാ തോമസും കൂടി സൗജന്യമായി കൊടുത്ത സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മാതാപിതാക്കളുടെ കുട്ടികളാണിവിടെ അദ്ധ്യയനം നടത്തുന്നത്. പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനത്തിന് ഊന്നൽ നൽകികൊണ്ട് സ്കൂളിന്റെ പ്രവർത്തനം ദേശത്തിന്റെ ഉന്നമനത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

സ്കൂളിന്റെ കഴിഞ്ഞകാല ഏടുകൾ തിരിഞ്ഞു നോക്കുമ്പോൾ പൂർവ്വവിദ്യാർത്ഥികൾ ഉന്നതസ്ഥാനീയരായിട്ടുണ്ട്. കോളേജ് അധ്യാപകർ, പ്രിൻസിപ്പൽ, ഡോക്ടർമാർ, എൻജിനീയർമാർ, കർഷകർ, നഴ്സുമാർ, പോലീസുകാർ, രാഷ്ട്രീയക്കാർ, കലാകായിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടു-ള്ളവർ.

കുട്ടികളുടെ സർവ്വതോന്മുഖ വികസനത്തിനായി സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എയ്ഡഡ് സ്കൂളുകൾ കൂടി ഫണ്ടുകൾ ലഭ്യമാകുന്നതിനു വേണ്ടി R.T.E ആക്ട് പ്രകാരം കുട്ടികളുടെ അവകാശം സംരക്ഷിക്കുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ-യജ്ഞത്തിലൂടെ സാധ്യമാകട്ടെ.

7. കലാ - കായിക - പ്രവൃത്തി - പരിചയ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| Class | V.I | H.I | M.R | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ. |
|---|---|---|---|---|---|---|---|
| I | - | - | - | - | - | - | - |
| II | - | - | - | - | 1 | - | 1 |
| III | - | - | - | - | - | - | - |
| IV | - | - | - | - | - | - | - |
| V | - | - | - | - | 1 | - | 1 |
| VI | - | - | - | - | - | - | - |
| VII | - | - | - | - | 1 | - | 1 |

# വിദ്യാർത്ഥികളെ സംബന്ധിക്കുന്ന (2025-26)

## വിവരങ്ങൾ

| ക്ലാസ് | ആൺകുട്ടികളുടെ എണ്ണം | പെൺകുട്ടികളുടെ എണ്ണം |
|---|---|---|
| I | 1 | 2 |
| II | 1 | 1 |
| III | 2 | 4 |
| IV | 2 | |
| V | 2 | 2 |
| VI | 1 | 1 |
| VII | 2 | 4 |

# അദ്ധ്യാപകരുടെ വിവരങ്ങൾ (2025-26)

| Year | Sl. No | Name | Designation | Remarks |
|---|---|---|---|---|
| | 1. | മിനി മേരി മാത്യു | HM | |
| | 2. | അഞ്ജിതാംബിക കെ കെ | LPST | Daily Wage |
| | 3. | ചിഞ്ചു ഷാസ് | UPST | Daily Wage |
| | 4. | ഷെറിൻ ആനി മാത്യു | UPST | Daily Wage |
| | 5. | ആശിഷ് ബാബു | LPST | Daily Wage |
| | 6. | ദിവ്യ ജോർജ്ജ് | LPST | Daily Wage |
| | 7. | രേഷ്മ പി. ആർ | LPST | Daily Wage |

## അനദ്ധ്യാപകർ

| Year | Sl. No | Name | Designation | Remarks |
|---|---|---|---|---|
| 2025-2026 | 1. | ദിവ്യ അനീഷ് | Pre-primary Teacher | |
| | 2. | രാധാമണി എ. ആർ | Cook | |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| 1. ക്ലാസ് മുറി | 8 | 2 |
| 2. ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | – |
| 3. പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 | 1 |
| 4. കിണർ | 1 | – |
| 5. ലൈബ്രറി | 1 | – |
| 6. ചുറ്റുമതിൽ | 1 | 1 |
| 7. കളിസ്ഥലം | 1 | – |
| 8. ക്ലാസ് മുറിയിൽ റാംപ് | – | |
| 9. അടുക്കള | – | 1 |
| 10. കമ്പ്യൂട്ടർ ലാബ് | – | 1 |
| 11. റീഡിംഗ് റൂം | – | 1 |
| 12. സ്കൂൾ ബസ് | – | 1 |
| 13. വിഷയലാബുകൾ | – | 2 |
| 14. സ്റ്റേജ് | – | 1 |
| 15. കമ്പ്യൂട്ടർ | – | 3 |
| 16. ലാപ് ടോപ്പ് | 3 | 3 |
| 17. സൗണ്ട് സിസ്റ്റം | 1 | – |
| 18. പ്രൊജക്ടർ | 1 | 4 |
| 19. ഗ്രീൻ ബോർഡ് | – | 3 |
| 20. സ്മാർട്ട് ടി.വി | – | 1 |

# കാഴ്ചപ്പാട്

ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ്റൂം ഉണ്ടാവണം. കലാ-കായിക പ്രവൃത്തി പരിചയ പരിശീലനവും അതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ ലഭ്യമാകണം. ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും കേരളത്തിലെ സമപ്രായക്കാരായ എല്ലാ കുട്ടികൾക്കും ലഭ്യമാകണം. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ലഭ്യമാവുകയും അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതികളുമറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണം. അതിനായി എയ്ഡഡ് സ്കൂളുകൾക്കു കൂടി ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി ആർ.ടി.ഇ. ആക്ട് പ്രകാരം കുട്ടികളുടെ അവകാശം സംരക്ഷിക്കുവാൻ സാധ്യമാകുന്ന നാളെയ്ക്കായി നമുക്കൊരുങ്ങാം.

## നിലവിലെ അവസ്ഥാ വിശകലനം

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ

* സ്കൂൾ കവാടം നിർമ്മിക്കൽ
* കളിസ്ഥലം നവീകരിക്കൽ
* കമ്പ്യൂട്ടർ റൂം
* ക്ലാസ് ലൈബ്രറി
* ലബോറട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത
* യാത്രാസൗകര്യത്തിന്റെ അപര്യാപ്തത
* എൽ.പി. ക്ലാസുകളിലേക്ക് പൈപ്പ് കണക്ഷൻ
* കായിക, സംഗീത പ്രവൃത്തി പരിചയ അധ്യാപകരുടെ കുറവ്
* പ്രീ-പ്രൈമറിയിലേക്കുള്ള കളി ഉപകരണങ്ങൾ കസേരകൾ ഇവയുടെ അപര്യാപ്തത.
* White board.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാകുന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർ-

ആവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താത്പര്യം വളർത്തിയെടുക്കുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക. കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ

ഒരുക്കുക .

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക .
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക .
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പാക്കുക .
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക .
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക .
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക .
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക .

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
7. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
8. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
9. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്നില്ല.
10. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.

11. കുട്ടികൾക്കാവശ്യമായ ഗൈഡ്‌ലൈൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.

12. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബുകൾ പ്രവർത്തനങ്ങൾ മാറുന്നില്ല.

13. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

14. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. ടോയ്‌ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
5. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ., എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

മേഖല അക്കാദമികം.

L.P ഉപമേഖല - മലയാളം.

ആമുഖം.

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽ നിന്നും പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ഓരോ കുട്ടിക്കും അവന്റെ മാതൃഭാഷ വളരെ പ്രിയപ്പെട്ടതാണ്. ലോകത്തെ പുതിയ രീതിയിൽ നോക്കികാണാനും മനസിലാക്കാനും ഇടപഴകാനും വിലയിരുത്താനും ഉള്ള സാധ്യതകളാണ് വിദ്യാലയങ്ങളിലെ മാതൃഭാഷാ പഠനത്തിലൂടെ ഓരോ കുട്ടിക്കും ലഭിക്കുന്നത്.

ലക്ഷ്യങ്ങൾ

* എഴുത്തിലും വായനയിലും ഓരോ കാലഘട്ടത്തിലും നേടേണ്ട ശേഷി ഉറപ്പാക്കുക.

* എല്ലാം കുട്ടികളെയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തൽ.

* കൂടുതൽ അറിവു നേടാനും ചിന്തിക്കാനുമുള്ള ശേഷി വളർത്തുക.

* ഭാഷാവികസനത്തിനായി ആധുനിക വിദ്യാസാങ്കേതികതകൾ പ്രയോജനപ്പെടുത്തൽ.

* ശൗചാലയം, കക്കൂസ് നിർമ്മാണം.
* നിരന്തര ശുദ്ധി നിർണ്ണയം പകർച്ചരോഗങ്ങൾ വിലക്കും
- ഇതിന് തുടർപ്രവർത്തനം ആവശ്യമാണ്.

മേഖല : അക്കാദമികം  ഉപമേഖല : മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| **മലയാളം L.P :** എഴുത്തിലും വായനയിലും ഓരോ പ്രായത്തിലും നേടേണ്ട ശേഷി ഉറപ്പാക്കുക. | കുട്ടികൾ ഇഷ്ടപ്പെട്ട ചിത്രം വരയ്ക്കുന്നു. വരച്ച ചിത്രത്തെക്കുറിച്ച് പറയുന്നു. വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തി അവർക്കിഷ്ടപ്പെട്ട ചിത്രത്തെക്കുറിച്ച് എഴുതി വായിക്കുന്നു. | I - IV | മധ്യ-കാലം | മലയാളം അധ്യാപിക | HM<br>SSG<br>SMC | |
| * എല്ലാ കുട്ടികളെയും പഠന മികവിലേയ്ക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്താൻ. | ടീച്ചർ പൊതുവായ ചിത്രം നൽകി എഴുതി വായിക്കുന്നു. കഥാചിത്രം നൽകി കഥകൾ രൂപീകരിക്കുന്നു. അവതരിപ്പിക്കുന്നു. | | ദീർഘ-കാലം | | | |
| * കൂടുതൽ അറിയുവാനും ചിന്തിക്കാനും ഉള്ള ശേഷി വളർത്തുക. | ചിത്രം നൽകി കവിതകളും ലേഖനങ്ങളും എഴുതുന്നു. എഴുതിയത് വായിച്ച് അവതരിപ്പിക്കുന്നു. | | മധ്യകാലം | | | |
| * ഭാഷാ വികസനത്തിനായി ആധുനിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | പ്രദേശിക പ്രാധാന്യമുള്ള ഒരു ചിത്രം സ്ക്രീനിൽ കാണിക്കുന്നു. eg: രാമൻചിറക്കുളം, മൂലൂർ സ്മാരകം, ബന്ധപ്പെട്ട കാര്യങ്ങൾ ശേഖരിച്ച്, അവതരിപ്പിക്കുന്നു. | | മധ്യകാലം | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| * ആശംസാ കാർഡ് നിർമ്മാണം. | ഓണം, ക്രിസ്തുമസ്, ജന്മദിനം നബിദിനം, പുതുവർഷം തുടങ്ങിയ അവസരങ്ങളിൽ നിർമ്മിക്കുന്നു. പരസ്പരം കൈമാറുന്നു. | I - IV | ഹ്രസ്വകാലം. | മലയാളം അധ്യാപകർ | HM SSG SMC. | |
| * നിരന്തര മൂല്യ നിർണ്ണയം പഠനപുരോഗതി വിലയിരുത്തൽ, തുടർ പ്രവർത്തനം ആസൂത്രണം. | പഠനനേട്ടം ഉറപ്പാക്കൽ നിരന്തര മൂല്യ നിർണ്ണയത്തിലൂടെ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം പിന്നോക്കക്കാരെ കണ്ടെത്തി പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു. | " | ദീർഘകാലം | " | " | |

# ക്ലാസ് - II

## ആമുഖം

ഒന്നിൽ നിന്നും രണ്ടിലേക്കു വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സ്വയം ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചിതാക്കൾ ആവുകയും ചെയ്യും.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് P.TA കൾ ശക്തിപ്പെടുത്തും.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പത്രങ്ങ് | ജൂൺ - മാർച്ച് |
| 5. | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 7. | നാട്ടുവിശേഷം കൈയെഴുത്ത് | ജൂലൈ - മാർച്ച് |
| 8. | ക്ലാസ് പത്രം | ആഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | വചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും. |
| 10. | ഭാഷോത്സവം | ജനുവരി |

## മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും

ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം S.R.G യിൽ അവലോകനം ചെയ്യുന്നു.
- തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നു.
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

## വിലയിരുത്തൽ

- വലിയൊരു മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കഥോത്സവം വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
-

## സംയുക്ത ഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളുടെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യപ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

→ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു.

→ എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

→ കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.

→ സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറുന്നു.

→ എന്റെ ഡയറിക്കുറിപ്പ് ഒന്നിലേക്കും മാറും.

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പു വരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതുസമൂഹവും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.

## സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ദേശിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ പ്രവർത്താല്പര്യം വർധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. നേരിട്ടുള്ള നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം.

## ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാകുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

→ കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു

→ വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

→ ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും.

→ സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ.

## വിലയിരുത്തൽ

→ സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

→ എല്ലാ കുട്ടികൾക്കും സചിത്ര പാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.

→ എല്ലാ കുട്ടികളും സചിത്ര പാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

→ എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.

## പാട്ടരങ്ങ്

ഭാഷാപഠനത്തിന് താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ കൂട്ടം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും

ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കും ശ്രവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി ~~[illegible]~~ നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമ്മാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും.

മേഖല - അക്കാദമികം

ഉപമേഖല ഇംഗ്ലീഷ് L.p.

ആമുഖം:

മലയാളത്തിലെന്നപോലെ കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കേണ്ടത് ആവശ്യമായി വന്നു. അതിനാൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം അകറ്റുവാനും ഉതകുന്നു.

ലക്ഷ്യങ്ങൾ:

* കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.
* പാഠപുസ്തകങ്ങൾക്ക് പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക.
* അനായാസം ഇംഗ്ലീഷ് എഴുതാനും വായിക്കാനും അറിയുക..
*

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| * കുട്ടിക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.<br><br>* പാഠപുസ്തക അതിർ പുറത്തേയ്ക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക.<br><br>* അനായാസം ഇംഗ്ലീഷ് എഴുതാനും, വായിക്കാനും അറിയുക. | * കുട്ടികൾക്ക് ധാരാളം വിഡിയോ ക്ലിപ്പുകളും ഓഡിയോ ക്ലിപ്പുകളും കേൾക്കുന്നതിന് അവസരം ഒരുക്കുന്നു.<br><br>* കുട്ടികളെ ചെറു ഗ്രൂപ്പുകളാക്കി [Fruits, vegetables, trees, animals, birds.] ഓരോ ഗ്രൂപ്പും അവരവരുടെ ഗ്രൂപ്പിൽ ലഭിച്ച വസ്തുക്കളുടെ പേര് ഇംഗ്ലീഷിൽ എഴുതുന്നു. ചിത്രം വരയ്ക്കുകയോ ശേഖരിക്കുകയോ ചെയ്ത ഓരോന്നും വിവരിക്കുന്നു.<br>[eg. Elephant - ചിത്രത്തിന് നേരെ Elephant-നെ കുറിച്ച് വിവരിച്ചെഴുതി അവതരിപ്പിക്കുന്നു. | I to IV | ജൂൺ to മാർച്ച് | English Teacher | HM<br>SRG<br>SMC. | |

L.P മേഖല - അക്കാദമികം.

ഉപമേഖല - ഗണിതം

ഗണിതം

ആമുഖം:

ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാനുള്ള ഗണിതശേഷികൾ കുട്ടികൾ നേടിയെടുക്കണം. ഗണിതം രസപ്രദമായും ലളിതവും ശിശുകേന്ദ്രീകൃതവും അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ഗണിത പ്രവർത്തനങ്ങളാണ് നൽകുന്നത്.

ലക്ഷ്യങ്ങൾ:

* അടിസ്ഥാന ക്രിയകൾ എല്ലാം കുട്ടികളും ഉറപ്പിക്കുക.
* നിത്യജീവിതവുമായി ഗണിതത്തെ ബന്ധപ്പെടുത്തുക.
* ഓരോ പ്രായത്തിന്റെ ഘട്ടത്തിലും നേടേണ്ട ഗണിത ശേഷികൾ നേടുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| * അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളും ഉറപ്പിക്കുക.<br>* നിത്യജീവിതവുമായി ഗണിതത്തെ ബന്ധപ്പെടുത്തുക.<br>* ഓരോ പ്രായത്തിലും നേടേണ്ട ഗണിത ശേഷികൾ നേടുക. | വസ്തുനിഷ്ഠമായ ഗണിത പഠനം.<br>ഗണിതകഥ, പാട്ട്.<br>കളത്തിലെ കളികൾ<br>മനക്കണക്കുകൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ<br>പഠനോപകരണ നിർമ്മാണം<br>പതിപ്പുകൾ<br>മാഗസിനുകൾ<br>ലഘുനാടകം. | I to IV | ജൂൺ മാർച്ച് | Maths class teacher. | HM<br>SRG<br>SSG | |

LP വിഭാഗം    പരിസരപഠനം.

ആമുഖം.

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനു വേണ്ടി പഠിക്കുന്നതാണ് പരിസരപഠനം. നിരീക്ഷിക്കൽ, വർഗ്ഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ ലഘു പരീക്ഷണങ്ങളിലേർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാശേഷികളുടെ വികസനം പരിസര-പഠനത്തിലൂടെ സാധ്യമാകണം. നമ്മുടെ പരിസരം അവിടത്തെ സസ്യജന്തുജാലങ്ങൾ, വിഭവങ്ങൾ, തുടങ്ങിയവ നശിച്ചു പോകാതെയും, മലിനപ്പെടാതെയും സംരക്ഷിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസര സൗഹൃദ മനോഭാവം കുട്ടികളിൽ രൂപപ്പെടണം.

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം.

പരിസരപഠനലക്ഷ്യങ്ങൾ

* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം, എന്നിവ പരിപോഷിപ്പിക്കുക.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

* 1 മുതൽ IV വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും

* ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
* എല്ലാം ക്ലാസിലും ശാസ്ത്രമൂല്യ ഉറപ്പിക്കൽ
* വ്യക്തിശുചിത്വവും, സാമൂഹിക ശുചിത്വവും പാലിച്ചു കൊണ്ട് ശാരീരിക-മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
* പ്രാദേശിക വിഭവങ്ങളെ ഉപയോഗപ്പെടുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| LP വിഭാഗം: പരിസരപഠനം. | | | | | | |
| *കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | പരീക്ഷണം, നിരീക്ഷണ പ്രവർത്തനങ്ങൾ ഉപകരണ നിർമ്മാണം. ശാസ്ത്രമേള | I to IV | ഹ്രസ്വ കാലം | സയൻസ് അധ്യാപിക | HM SRG SMC. | |
| * പരിസ്ഥിതി സൗഹൃദ മനോഭാവമുണ്ടാക്കൽ | ജൈവവൈവിധ്യ പാർക്ക്, പഠനയാത്ര, നിരീക്ഷണ പ്രവർത്തനങ്ങൾ. | | | | | |
| * 1 മുതൽ IV വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും. | ICT സാധ്യത. ചുറ്റുപാടിനെ അറിയാം പരിസര നടത്തം നിരീക്ഷണ പ്രവർത്തനങ്ങൾ, ലഘു പരീക്ഷണങ്ങൾ | | ദീർഘ കാലം. | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം. |
|---|---|---|---|---|---|---|
| * ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക. | ജൈവകൃഷി, പൂന്തോട്ട നിർമ്മാണം, ശാസ്ത്രപരീക്ഷണപ്രവർത്തനങ്ങൾ, പരീക്ഷണം. | I to IV | ഒന്ന് -കാലം. | സയൻസ് ടീച്ചർ | SRG P.T.A. | |
| * എല്ലാം കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്താൻ | ശാസ്ത്രമാസികകളും പതിപ്പുകളും തയ്യാറാക്കൽ | ,, | ,, | ,, | | |
| * വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിക്കുന്നതോടൊപ്പം ശാരീരിക മാനസിക - സാമൂഹിക ആരോഗ്യ കൈവരിക്കാൻ സഹായിക്കുക. | ആരോഗ്യവിദഗ്ദരുമായി അഭിമുഖം, പരിസരശുചീകരണ പ്രവർത്തനങ്ങൾ പഠനയാത്ര. ഡ്രൈ- ഡേ ദിനം | | ,, | ,, | | |
| * പ്രാദേശിക വിഭവങ്ങളെ ഉപയോഗപ്പെടുത്തുക | ലഘു പരീക്ഷണങ്ങൾ ശാസ്ത്ര മാസികകൾ പതിപ്പുകൾ. | | | | | |

UP

മേഖല - സാംസ്കാരികം

ഉപമേഖല - മലയാളം

## ആമുഖം

ആശയ സ്വീകരണത്തിനും ചിന്താശേഷി വളർത്തുന്നതിനുമുള്ള ഉപാധിയും നല്ല ബോധനമാധ്യമമാണ് മലയാളം. പഠനിലവാരത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താങ്ങാവുന്ന മലയാളത്തിലൂടെ ഒരു പാഠ്യപദ്ധതിയിലൂടെ കുട്ടികൾക്ക് പഠന പുരോഗതിയിൽ മുന്നോട്ട് പോകാൻ സാധിക്കും.

ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥക്ക് പരിഹാരം.
- വായനയിലൂടെ ഭാഷാശേഷി വികസിപ്പിക്കൽ, പ്രോത്സാഹനങ്ങൾ.
- സാഹിത്യവേദി രൂപീകരണം
- സർഗ്ഗാത്മക രചനകൾ
- വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| കലാകായം<br>• ഭാഷാപരമായ പിന്നോക്കാവസ്ഥക്ക് പരിഹാരം | • കലാകായത്തിലൂടെ ഒന്നു പഠനത്തിലൂടെ കുട്ടികളെ മുന്നോട്ട് നയിക്കുന്നു | V<br>VII | മധ്യ കാലം | മലയാളം അധ്യാപിക | HM<br>SSG<br>SMC | |
| • പാഠങ്ങളിലൂടെ ഭാഷാശേഷി വികസിപ്പിക്കൽ. പ്രോത്സാഹനം നൽകൽ | • ദിനാചരണ കഴിവുകളും, അസംബ്ലി എന്നിവയിൽ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നു. | | മധ്യ കാലം | | | |
| • സാഹിത്യവേദി രൂപീകരണം | • എല്ലാ വെള്ളിയാഴ്ചയും 8-ാം പീരിഡിൽ സാഹിത്യ സമാജം നടത്തപ്പെടുന്നു | | ദീർഘ കാലം | | | |
| • സർഗ്ഗാത്മക വളർത്തൽ | • കഥാരചന, കവിതാരചന, നാടക രചന തുടങ്ങിയവ ഇവയെ കൊണ്ട് ചെയ്യിക്കുന്നു. | | മധ്യ കാലം | | | |
| • വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | | മധ്യ കാലം | | | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്. UP

ആമുഖം

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതും വികസിപ്പിക്കാനും ആധുനികവത്ക്കരിക്കാനും ഇംഗ്ലീഷ് ഭാഷ അനിവാര്യമാണ്. ഇംഗ്ലീഷ് ഭാഷ ആശയവിനിമയ ശേഷി കൂടുതൽ മെച്ചപ്പെടുത്തുവാനും സ്വന്തമായ ഭാവങ്ങളിലേക്ക് കുട്ടികളെ നയിക്കുവാനും സാധ്യമാകണം. അതിനാൽ ഇംഗ്ലീഷ് അധ്യാപനം കൈകാര്യം ചെയ്യുന്നതിൽ വളരെ ലളിതവും ശിശുകേന്ദ്രീകൃതവും ആകർഷകവും പ്രവർത്തനാധിഷ്ഠിതവും ആകണം പ്രവർത്തനങ്ങൾ.

ലക്ഷ്യങ്ങൾ

- ഇംഗ്ലീഷിൽ ആശയവിനിമയം സാധിക്കുക.
- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
- സ്വന്തമായ വാക്യങ്ങൾ എഴുതാനും സജ്ജരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | [illegible] | [illegible] |
|---|---|---|---|---|---|---|
| • ഇംഗ്ലീഷിൽ സംസാര ശേഷി വർധിപ്പിക്കുക.<br>• ഇംഗ്ലീഷിലുള്ള ആവിഷ്കാര-ങ്ങൾക്ക് അവ-സരമൊരുക്കൽ<br>• സ്വന്തമായ വാക്യ-ങ്ങളും പദ്യ-ങ്ങളും നിർമ്മി-ക്കുക. | • ഇംഗ്ലീഷിലുള്ള ചെറിയ വീഡിയോ ക്ലിപ്പുകൾ കാണു-ന്നതിനും കേൾക്കുന്ന-തിനുമുള്ള അവസരം<br>• ഇംഗ്ലീഷിലുള്ള അസംബ്ലി ഇംഗ്ലീഷ് ക്ലബിന്റെ നേതൃ-ത്വത്തിൽ ആഴ്ചയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുക. അവത-രിപ്പിക്കുന്നതിനു മുമ്പ് അതുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പ് കാണി-ക്കുക. (eg: speech, skit, Recitation)<br>മാസത്തിൽ രണ്ടുതവണ | V to VII | ജൂൺ to മാർച്ച് | English Teacher | | |

മേഖല - സാംസ്കാരികം

ഉപമേഖല - ഹിന്ദി

## ആമുഖം

ഭാരതത്തിന്റെ രാഷ്ട്രഭാഷയാണ് ഹിന്ദി. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാഭിരുചി വളർത്തി സംസ്കാരത്തിനും ആശയവിനിമയത്തിനും സാധിക്കുന്നു. ഭാഷാപഠനത്തിന് വിവര-സാങ്കേതിക വിദ്യയുടെ ICT സാധ്യതകളും ഉപയോഗം ക്ലാസ് മുറികളിലെ പഠനം സജീവമാക്കുവാൻ സഹായകമാകും.

## ലക്ഷ്യങ്ങൾ

- വായനയിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ
- ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കൽ
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടിക്ക് രാഷ്ട്രബോധവും സ്നേഹവും ദേശസ്നേഹവും വളർത്തുക.
- സ്വന്തം വായനക്കും സംഭാഷണത്തിനും പ്രാധാന്യം നൽകുക.
- ഭാഷാപഠനം വിനോദകരമായി പരിശീലിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| • വായനയിലൂടെ ഭാഷാശേഷി വർധിപ്പിക്കൽ | വായനാകാർഡുകൾ (ഫ്ലാഷ് കാർഡ്, ചിത്രകാർഡുകൾ, ശബ്ദങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ തിരിച്ചറിയൽ) കഥാചാർട്ട്, കവിതാചാർട്ട് എന്നിവ പരിചയപ്പെടുത്തി അക്ഷരങ്ങളും പദങ്ങളും വായിപ്പിക്കുന്നു. | V to VII | ഹ്രസ്വം | ഹിന്ദി അധ്യാപിക | H.M | |
| • ഭാഷാ ചിന്തനത്തിലൂടെ ശേഷി വികസിപ്പിക്കൽ | ക്ലാസിൽ വായനാന്തരീക്ഷം സൃഷ്ടിക്കുന്നു. റീഡ് ബുക്ക്, ഹിന്ദി ന്യൂസ്പേപ്പർ, ക്ലാസ് ലൈബ്രറി എന്നിവയുടെ ഉപയോഗം ഉറപ്പുവരുത്തുന്നു. | | ദീർഘം | | | |
| • ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ബഹുമാനവും വർധിപ്പിക്കുക. | ഹിന്ദി ദിനാചരണം സംഘടിപ്പിക്കുന്നു. ഉദ്ധരണി യോഗം സംഘടിപ്പിക്കുന്നു. മഹത് വചനങ്ങൾ പരിചയപ്പെടുത്തുന്നു. ഭാഷാധ്യാപകരുടെ സഹായം തേടാൻ അവസരം ഒരുക്കുന്നു. | | മധ്യമം | | SRG | |

## UP വിഭാഗം - ഗണിതം

### ആമുഖം

വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിത-ശാസ്ത്ര പഠനത്തിന്റെ പ്രധാന ലക്ഷ്യം. ഗണിത ശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുക്കളെ ശാസ്ത്രീയ-മായി അപഗ്രഥിക്കുന്നതിന് സഹായി-ക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങ-ളുടെ പഠനത്തിൽ ഗണിതശാസ്ത്രം അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു. അങ്ങനെ പുതുമയാർന്ന ആശയ-സ്വീകരണത്തിലൂടെ കുട്ടികളുടെ ചിന്ത വികസിപ്പിക്കുകയാണ് ഗണിത പഠനത്തിന്റെ ലക്ഷ്യം.

മേഖല - ജ്ഞാനാത്മകം

ഉപമേഖല - ഗണിതം

### ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഗണിതം സഹായകമാകുന്നു.
- യുക്തി ചിന്ത വികസിപ്പിക്കുന്നതിന്

| | | | | | | |
|---|---|---|---|---|---|---|
| • ലൈബ്രറി വായ-നക്കുറിപ്പ് തയ്യാ-റാക്കിയും ഒരുക്കാനാകുന്നു. | കവിത, കഥാപുസ്തകങ്ങൾ കുട്ടികൾ വായിപ്പിക്കുന്നു<br>• ലൈബ്രറിയിൽ കുട്ടികൾ സംവാദം നടത്തുന്നു.<br>• കുട്ടികൾ ലഘുനാടകങ്ങൾ എഴുതി വായിപ്പിക്കുന്നു<br>• കുട്ടികൾ പോസ്റ്റർ മത്-സരങ്ങൾ സംഘടിപ്പിക്കു-ന്നു.<br>• പത്ര മാദ്ധ്യമങ്ങളിൽ വിവിധ ഉപയോഗ പെടുത്താ-കുന്നു. | V to VII | മധ്യ കാലം | ഹിന്ദി ടെസ്റ്റ്-ചിത്ര | SSG | |
| • ഭാഷാപഠനം പിന്നോക്കക്കാരെ പരിഹരിക്കുന്നു. | • പ്രീ-ടെസ്റ്റ് നടത്തി ഭിന്ന നിലവാരക്കാരെ കണ്ടെത്തുന്നു.<br>• അക്ഷരം മാറ്റം നോക്കാൻ പഠിച്ച വാക്കുകൾ കണ്ടെത്തുവാൻ അവസരം ഒരുക്കുന്നു.<br>• അധ്യാപിക കവിതാ പാടി കുട്ടികൾ പാടിപ്പി-ച്ചും കവിതകൾ വായി-[illegible] | V to VII | ജൂലൈ | | HM | |

- പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടികൾക്ക് കഴിവു നേടുന്നതാണ്.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലാകണം.
- യുക്തിബോധവും സൗന്ദര്യബോധവും കുട്ടികളിൽ വളർത്തുന്നതിന്
- വസ്തുക്കളെ വിശകലനം ചെയ്ത് പൊതുതത്ത്വങ്ങൾ രൂപീകരിക്കുന്നതിന്
- മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നതിന്.
- ഗണിത പഠനത്തിന് ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാകണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| • ഗണിതം നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | വിവിധ കളികൾ (കട, ചന്ത, ബസ്) | V to VII | ഹ്രസ്വ കാലം | ഗണിത ശാസ്ത്ര അധ്യാപിക | HM PTA | |
| • യുക്തിചിന്ത വികസിപ്പിക്കുന്നതിന് | പസ്സിൽ കളികൾ<br>പരീക്ഷണങ്ങൾ<br>പ്രോജക്ടുകൾ | | ദീർഘ കാലം | | SRG PTA | |
| • പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം | സെമിനാറുകൾ<br>ഗണിത പാട്ടുകൾ<br>പ്രദർശനങ്ങൾ | | | | | |
| • ഗണിതം ആസ്വദിച്ച് കളിക്കുന്നതിന് | കഥകൾ<br>അഭ്യാസങ്ങൾ | | ഹ്രസ്വ കാലം | | HM PTA | |
| • കൃത്യതയോടെയും വേഗതയോടെയും കാര്യങ്ങൾ ചെയ്യുന്നതിന്. | പണവിടപാടുകൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ | | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പ-ത്തികം |
|---|---|---|---|---|---|---|
| • വസ്തുക്കളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കുന്നതിന് | ഗണിത മാഗസിൻ<br>ഗണിത പ്രദർശനം | VI to VII | ഹ്രസ്വ കാലം | ഗണിത ശാസ്ത്ര അധ്യാപിക | H M<br>SRG | |
| • ഓരോ വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിന് വൈവിധ്യമാർന്ന ഗണിത ശേഷികൾ നേടുന്നതിന്. | ഐ.സി.ടി. സാധ്യതകൾ | | ദീർഘ കാലം | | | |
| • ഗണിത പഠനത്തിന് ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കാൻ | | | ദീർഘ കാലം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചാർജ്ജ് | പിന്തുണ | സാമ്പ-ത്തികം |
|---|---|---|---|---|---|---|
| <u>Activities for Gifted children</u><br>• സാഹിത്യാഭിരുചി വളർത്തിയെടുക്കുക.<br>• ശേഷിക്കൊത്ത പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.<br>• ശാസ്ത്ര സാങ്കേതിക വിദ്യയിൽ പരിജ്ഞാനം നേടുക. | രചനാ പ്രവർത്തനം (eg: കഥ, കവിത, ലേഖനം)<br>ചിത്ര പ്രദർശനം<br>ശാസ്ത്ര പ്രോജക്ടുകൾ<br>ഗ്ലോബ് നിർമ്മാണം<br>നാടക രചന<br>ഡോക്യുമെന്ററി<br>Short film | I to VII | പഠന കാലം | [illegible] | HM | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| • പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലന പരിപാടി.<br>• മറ്റു കുട്ടികളോടൊപ്പം ഭിന്നശേഷി കുട്ടികളും പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.<br>• സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.<br>• ആധുനിക സാങ്കേതിക വിദ്യയിൽ അറിവ് നേടുക. | ചിത്രരചനകൾ<br>skit നാടകങ്ങൾ<br>കലാപരിപാടികളുടെ അവതരണം.<br>ICT സാധ്യതകൾ (ചിത്രരചന, audio, video, clippings etc) | I to VII | നിശ്ചിത കാലം | class teachers<br>computer teachers | HM<br>SMC<br>SRG | |

# UP വിഭാഗം - സാമൂഹ്യശാസ്ത്രം

## ആമുഖം

സാമൂഹിക പ്രപഞ്ചത്തിലെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. വ്യക്തികൾ തമ്മിലും സമൂഹവും തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും പ്രകൃതിയും തമ്മിലും ഉള്ള ബന്ധങ്ങളെക്കുറിച്ചുള്ള സാമൂഹ്യശാസ്ത്രപഠനം. അന്വേഷണമാണ് സാമൂഹ്യശാസ്ത്രം.

ലെവൽ - പരിസരപഠനം, സാമൂഹ്യശാസ്ത്രം.

ഉ_ ലെവൽ - സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

* നാടിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും അറിയുന്നതിന് കുട്ടികളെ സഹായിക്കുന്നു.
* സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളെ രൂപപ്പെടുത്തുന്നു.
* ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, സാർവദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം
* പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നതിന്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തിക |
|---|---|---|---|---|---|---|
| * നാടിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും അറിയുന്നതിന് | പഠനയാത്രകൾ | V to VII | ഓണക്കാലം | HM, PTA Social Science teacher. | PTA | |
| * സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളെ പരിചയപ്പെടുത്താൻ | സംവാദം, അഭിമുഖം വഴി വ്യക്തികളെ പരിചയപ്പെടുത്തൽ | | മധ്യകാലം | സാമൂഹ്യശാസ്ത്ര അധ്യാപിക | HM, SRG | |
| * ജനാധിപത്യബോധം വളർത്തുന്നതിന് | സെമിനാർ, സ്കൂൾ പാർലമെന്റ് ലൈബ്രറി, വിവരശേഖരണം | | മധ്യകാലം | | | |

# UP വിഭാഗം - അടിസ്ഥാനശാസ്ത്രം

ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. ചുറ്റുപാടും നടക്കുന്ന മാറ്റങ്ങളെ നിരീക്ഷിച്ച് വിശകലനം ചെയ്യാനുള്ള കഴിവ് കുട്ടി നേടേണ്ടതാണ്

മേഖല - അക്കാദമികം

ഉപമേഖല - ശാസ്ത്രം

## ശാസ്ത്രപഠനലക്ഷ്യങ്ങൾ

* കാന്തികം, ജീവജാലം, നിശ്ചലതയും ചലനവും എന്നിവ പരിചയപ്പെടുത്തുക.
* പരിസ്ഥിതി മനോഭാവം വളർത്തുക.
* വ്യക്തിശുചിത്വം, സാമൂഹികശുചിത്വം എന്നിവ പാലിച്ചുകൊണ്ട് ശാരീരിക-മാനസിക-സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
* ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് ആർജ്ജിക്കുക.
* മികച്ച ഗവേഷകരാക്കുക.
* പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാക്കുക.
* ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
* ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.
* സ്കൂൾ പരിസരം ഹരിതാഭമാക്കുക.
* ശലഭോദ്യാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| UP വിഭാഗം<br>ശാസ്ത്രം<br>* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | പരീക്ഷണം, നിരീക്ഷണ പ്രവർത്തനങ്ങൾ.<br>ഉപകരണ നിർമ്മാണം<br>സയൻസ് ക്ലബ്.<br>ശാസ്ത്രലാബ്.<br>ശാസ്ത്രക്വിസ്.<br>ശാസ്ത്ര<br>ശാസ്ത്രവിസ്മയങ്ങൾ,<br>ICT | V to VII | ശനിയാഴ്ചകൾ<br><br>ദിനാചരണങ്ങൾ | Science teacher | SMC, SRG | |
| * പരിസ്ഥിതി അവബോധം വളർത്തുക | ജൈവവൈവിധ്യ പാർക്ക്, വൃക്ഷത്തൈ നടൽ, പ്ലാസ്റ്റിക്, സെമിനാർ, ക്വിസ് പോസ്റ്റർ, നാടകങ്ങൾ, പോസ്റ്റർ | | മഴക്കാലം | | SMC, SRG, HM | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| * വ്യക്തിശുചിത്വം, സാമൂഹികശുചിത്വം എന്നിവ പാലിച്ച് കൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുന്നു. | ആരോഗ്യ വിദഗ്ദരുമായി അഭിമുഖം, പോസ്റ്ററുകൾ, സെമിനാർ, പ്രദർശന ശുചിത്വ പ്രവർത്തനങ്ങൾ, ഡ്രൈ ഡേ ദിനം, പ്രശ്നോത്തരികൾ. | V to VII | വർഷകാലം | Science Teacher | | |
| * ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക | ദിനാചരണങ്ങൾ, സയൻസ് ക്വിസ്, ശാസ്ത്ര മാസികകൾ | V to VII | | | | |
| * ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | ഉപകരണ നിർമ്മാണങ്ങൾ, പഠനോപകരണങ്ങൾ, ശേഖരണങ്ങൾ, ശാസ്ത്രമേളയിൽ | | മഞ്ഞുകാലം | Science Teacher | | |
| * മികച്ച ഗവേഷകരാക്കുക | വീഡിയോ ക്ലിപ്പിംഗ്, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ICT സഹായം | V to VII | | | | |
| * പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാക്കുക. | ഹരിത വിദ്യാലയം, ICT സഹായം | | ദീർഘകാലം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| * ദൈനംദിന ജീവിതവുമായി പഠനത്തെ സമന്വയപ്പെടുത്തുക. ശാസ്ത്രജ്ഞാനം | ജൈവകൃഷിത്തോട്ടം, പൂന്തോട്ട നിർമ്മാണം, ഔഷധത്തോട്ടം | | മഴക്കാലത്ത് | Science Teacher | SRG, PTA, HM | |
| * സ്കൂൾ പരിസരം ഹരിതാഭമാക്കുക. | ഫലവൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ | | | | | |

വിഷയം: ആരോഗ്യ കായിക വിദ്യാഭ്യാസം

ആമുഖം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന വിദ്യാലയാന്തരീക്ഷമാണ് നമുക്ക് ആവശ്യം. ശാസ്ത്രവും സാഹിത്യവും കലയുമൊക്കെ മനുഷ്യ പുരോഗതിക്ക് അനിവാര്യമാണ്. അതേ പ്രാധാന്യം കായിക വിനോദങ്ങൾക്കുമുണ്ട്. കായിക വിനോദങ്ങൾ ഊട്ടിവളർത്തുന്ന കളികളിലെ സൗഹാർദ്ദവും ഐക്യവും മെച്ചവും ഇതിനാധാരമാണ്. ദൈനംദിന ജീവിതത്തിൽ വിവിധ കായിക പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നതു വഴി ജീവിതശൈലീ രോഗങ്ങളിൽ നിന്ന് നമുക്ക് മുക്തി നേടാൻ സാധിക്കും.

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* ആരോഗ്യശീലങ്ങൾ വളർത്തുക.
* സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസം | | | | | | |
| * എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക. | പലതരം ഗെയിംസുകൾ (eg: Badminton, foot ball etc...) കായികമത്സരങ്ങൾ. | I to VII | ഹ്രസ്വകാല<br>ഹ്രസ്വകാല | അതാത് ക്ലാസിലെ ക്ലാസ് ടീച്ചേഴ്സ് | BRC, Management PTA, HM | |
| * ആരോഗ്യശീലങ്ങൾ വളർത്തുക | ആരോഗ്യബോധവൽക്കരണ പരിപാടികൾ.<br>സൈക്കിളിങ് പരിശീലനം.<br>യോഗാ പരിശീലനം. | | ദീർഘകാല | | | |
| * സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക. | പൂന്തോട്ട നിർമ്മാണം.<br>ജൈവ വൈവിധ്യ പാർക്ക് | | ദീർഘകാല<br>ദീർഘകാല | | | |

## വേല: പ്രവൃത്തി പഠനം

### ആമുഖം

കുട്ടികളുടെ സർഗവാസനകളുടെ വികാസവും സമന്വയവും സാധ്യമാകുന്നത് പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിലൂടെയാണ്. കുട്ടികളുടെ സമഗ്ര മേഖലകളുടെയും വികാസം ഇതിലൂടെ ലക്ഷ്യമിടുന്നു. തൊഴിലിനോട് ആഭിമുഖ്യമുള്ളവരും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുകയും സാങ്കേതിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് പ്രവൃത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യം.

### ലക്ഷ്യങ്ങൾ

* നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
* പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ നിർമ്മാണം.
* പഠന വിഷയവുമായി പ്രവൃത്തി പരിചയാനുഭവങ്ങൾ സമന്വയിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തിക |
|---|---|---|---|---|---|---|
| പ്രവൃത്തി പരിചയം<br>* നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.<br>* പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ നിർമ്മാണം.<br>* പഠനവിഷയവുമായി പ്രവൃത്തി പരിചയ സങ്കേതങ്ങളെ ബന്ധിപ്പിക്കുന്നു. | • പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണം.<br>• കളിപ്പാട്ട നിർമ്മാണം<br>• കരകൗശല നിർമ്മാണം. പ്രദർശനം.<br>• വിവിധതരം അലങ്കാര വസ്തുക്കളുടെ നിർമ്മാണം<br>• ക്യാരി ബാഗ് നിർമ്മാണം<br>• ചന്ദനത്തിരി നിർമ്മാണം.<br>• നാടൻ കൃഷിരീതികൾ<br>• ഓഫീസ് എൻവലപ്പ് നിർമ്മാണം.<br>• എംബ്രോയിഡറി വർക്ക്സ്<br>• പൈപ്പ് കമ്പോസ്റ്റ് പിറ്റ് നിർമ്മാണം.<br>• പ്ലാസ്റ്റർ ഓഫ് പാരീസ് അലങ്കാര വസ്തുക്കൾ<br>• [illegible] കൊണ്ടുള്ള ഉപകരണങ്ങൾ.<br>• സോപ്പ്പൊടി നിർമ്മാണം<br>• ICT പഠനസഹായം. | I<br>to<br>VII | [illegible]കാലം | ക്ലാസ് ടീച്ചേഴ്സ് | HM<br>SRG.<br>SMC<br>BRC | |

മേഖല : വിവര വിനിമയ സാങ്കേതികവിദ്യ.
(ICT സാധ്യതകൾ)

**ആമുഖം:**

പല രീതികളിൽ പലയിടങ്ങളിൽ നിന്നായി ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിക്കുകയും സംസ്കരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന ഒരു ലോകത്താണല്ലോ, നാം ജീവിക്കുന്നത്. കമ്പ്യൂട്ടറുകളാണ് ഈ വിവരവിനിമയത്തിന്റെ അടിസ്ഥാനം. പുതിയ ലോകത്തിൽ, അതിന്റെ ദിശയും ചലനങ്ങളും തിരിച്ചറിഞ്ഞുള്ള ജീവനം സാധ്യമാക്കിയെടുക്കുന്നതിന് കമ്പ്യൂട്ടറുകളെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ആവശ്യമാണ്.

**ലക്ഷ്യങ്ങൾ**

* വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* സാങ്കേതികവിദ്യയിൽ പരിജ്ഞാനം നേടുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | ചിന്തന | സാമ്പത്തികം |
|---|---|---|---|---|---|---|
| ICT - സാധ്യതകൾ<br>* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക | ചിത്രരചനകൾ ടൈപ്പിംഗ് ഫോൾഡർ നിർമ്മാണം. | I to VII | | Computer Teacher and Subject Teachers | H.M | |
| * അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക. | അന്വേഷണം. | | | | | |
| * സാങ്കേതികവിദ്യയിൽ പരിജ്ഞാനം നേടുക. | പ്രോജക്ടുകൾ [illegible]. | | | | | |

മേഖല - കലാപഠനം

ആമുഖം:

ഒട്ടനവധി സർഗ്ഗ വാസനകളുടെ ഉടമകളാണ് കുട്ടികൾ. ഈ സർഗ്ഗ വാസനകളെ ശരിയായ രീതിയിൽ ഉപയോഗിക്കുക, യാണെങ്കിൽ കുട്ടികളുടെ പഠന നിലവാരം ഉയർത്തുവാനും സാമൂഹിക നന്മയ്ക്കു വേണ്ടി അവയെ ഉപയോഗപ്പെടുത്തുവാനും സാധിക്കും.

ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.
* സർഗ്ഗശേഷി ഉപയോഗിച്ച് മറ്റുള്ളവരെ സഹായിക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| കലാപരിശീലനം. | | | | | | |
| * കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. | Audio - video clipping ബാലസഭയിൽ അവതരണം | I to VII | ജൂൺ to മാർച്ച് | | | |
| * കലാഭിരുചി വളർത്തുക. | രചന ശില്പശാല കലാമേള | | | | | |
| * ആധുനിക ശാസ്ത്ര സങ്കേതിക വിദ്യ സാധ്യതകൾ കലാ പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | സാഹിത്യ പ്രവർത്തനം നാടൻ പാട്ട് മത്സരങ്ങൾ സ്കിറ്റ്, ലഘുനാടകങ്ങൾ വിവിധ കലാരൂപങ്ങൾ അവതരണം. | | | | | |
| * സർഗശേഷി ഉപയോഗിച്ച് ഉല്പന്നങ്ങളുണ്ടാക്കുക. | ഫോൾഡർ കൊടുക്കുക. ശില്പശാലകൾ | V to VII | ഒഴിവു കാലം. | | | |


സെന്റ് തോമസ് യു.പി സ്കൂൾ